I ഇ.ബി. XV - കേരള നിയമസഭ/VIII-16

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 14, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1494-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1494-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ബ്രഹ്മപുരം മാലിന്യസംസ്കരണശാലയിലെ തീ പിടിത്തത്തെത്തുടർന്ന് ഇന്നലെ ചേർന്ന കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗത്തോടനുബന്ധിച്ച് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന

അനിഷ്ടസംഭവങ്ങൾ സംബന്ധിച്ചാണ് റൂൾ 50 പ്രകാരം നോട്ടീസ് ലഭിച്ചിരിക്കുന്നത്. തീപിടിത്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കഴിഞ്ഞ ദിവസം അടിയന്തരപ്രമേയമായി അവതരിപ്പിച്ചിട്ടുള്ളതിനാലും കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗത്തിലുണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ അടിയന്തര പ്രധാന്യത്തോടെ പരിഗണിക്കേണ്ട ഗൗരവസ്വഭാവമുള്ളതായി കണക്കാക്കാൻ സാധിക്കാത്തതിനാലും ഈ വിഷയം അവതരിപ്പിക്കാൻ അനുവാദം നൽകുന്നതിന് നിർവ്വാഹമില്ല. പ്രമേയാവതാരകന് ഇത് ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ഗൗരവതരമായ സംഭവമാണ് ഇന്നലെ ഉണ്ടായത്. കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ യു.ഡി.എഫ്.-ലെ മുതിർന്ന കൗൺസിലർമാർക്കടക്കം മർദ്ദനമേറ്റിരിക്കുകയാണ്. സമരക്കാർക്കുനേരെയുള്ള പോലീസിന്റെ അഴിഞ്ഞാട്ടത്തെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് മറുപടി പറയേണ്ടിവരുമെന്നുള്ളതിനാലാണ് ഈ വിഷയം അവതരിപ്പിക്കാൻ അനുവദിക്കാത്തത്. ഇത് അംഗീകരിക്കാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ സഭാതലത്തിൽ ചർച്ചചെയ്യാൻ സാധിക്കില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) എയ്ഡഡ് സ്കൂളുകളിലെ സ്ഥിര അദ്ധ്യാപക നിയമനം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ സ്ഥിര അദ്ധ്യാപകരെ നിയമിക്കുന്നതിനും ബാക്ക്‌ലോഗ് നികത്തുന്നതിനും റോസ്റ്റർ തയ്യാറാക്കി ഭിന്നശേഷി സംവരണം ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 1996 ഫെബ്രുവരി മുതൽ ബാക്ക്‌ലോഗ് നികത്തി ഭിന്നശേഷിസംവരണം പാലിച്ച് അദ്ധ്യാപക നിയമനം നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം

പാലിക്കുന്നതുമായി ബന്ധപ്പെട്ട് റോസ്റ്റർ തയ്യാറാക്കി സമന്വയ പോർട്ടലിൽ രേഖപ്പെടുത്താനും പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ യോഗ്യരായ അദ്ധ്യാപകരുടെ സേവനം എല്ലാ സ്കൂളുകളിലും ഉറപ്പാക്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കാതെ 2018 നവംബർ മാസം 18-നുശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകരുതെന്ന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് ഭേദഗതി വരുത്തുകയും 2018 നവംബർ മാസം 18-നും 2021 നവംബർ മാസം 8-നും ഇടയിലുള്ള ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ താൽക്കാലിക നിയമനാംഗീകാരം നൽകാമെന്നും ഭിന്നശേഷി വിഭാഗത്തിൽനിന്നും യോഗ്യതയുള്ള വ്യക്തികൾക്ക് നിയമനം നൽകുന്നതുവരെ അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നും യോഗ്യതയുള്ള ഭിന്നശേഷിക്കാരുടെ അഭാവത്തിൽ പിന്നീട് അവരെ സ്ഥിരപ്പെടുത്താവുന്നതാണെന്നും വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽനിന്നും യോഗ്യതയുള്ള വ്യക്തികളുണ്ടെങ്കിൽ താൽക്കാലിക നിയമനം ലഭിച്ചവരെ അടുത്തുവരുന്ന

ഒഴിവുകളിലേയ്ക്കോ അതേ മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റ് സ്കൂളുകളിലെ ഒഴിവുകളിലേയ്ക്കോ പരിഗണിക്കാവുന്നതാണ്. 2021 നവംബർ 8-ന് ശേഷമുള്ള ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുവരെ മാനേജർമാർക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണെന്ന് വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള വിശദമായ ഉത്തരവ് ഒരാഴ്ചയ്ക്കകം പുറപ്പെടുവിക്കുന്നതാണ്.

(ശ്രീ. റോജി എം. ജോൺ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## IV. സബ്മിഷൻ

(1) വടകര-മാഹി കനാൽ മൂന്നാം റീച്ച് പ്രവൃത്തി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കാർഷിക, വ്യാവസായിക, ടൂറിസം മേഖലകളിൽ മുന്നേറ്റമുണ്ടാക്കാനുതകുന്ന വടകര മാഹി കനാൽ മൂന്നാം റീച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(2) വലിയപറമ്പിലെ കടലാക്രമണ ഭീഷണി

ശ്രീ. എം. രാജഗോപാലൻ: വലിയപറമ്പിലെ കടലാക്രമണ ഭീഷണി തടയുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(3) കൊളാവിപ്പാലം അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം

ശ്രീമതി കാനത്തിൽ ജമീല: കൊളാവിപ്പാലം അഴിമുഖത്തിന്റെ തെക്കുഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(4) തോട്ടട ഇ.എസ്.ഐ. ആശുപത്രി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(5) കോരൻകടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. പി. വി. ശ്രീനിജിൻ: കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരൻകടവ് പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ഫണ്ട് അനുവദിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(6) ചെടിയാലക്കടവിൽ പാലം നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിലെ മയ്യഴി പുഴയ്ക്ക് കുറുകെ ചെടിയാലക്കടവിൽ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(നോട്ടീസ് നൽകിയ പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

## V. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനേഴുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VI. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2022-ലെ കേരള ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഭേദഗതി അവതരിപ്പിക്കുന്നു. രാജ്യത്തെ ധാതുക്കളുടെ ഖനനം നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ 1957-ൽ മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് റെഗുലേഷൻ ആക്ട് പാസാക്കുകയും അതിലെ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ

2018-ൽ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും അവ ഭേദഗതി ചെയ്തുകൊണ്ട് 2022 സെപ്റ്റംബർ 29-ന് എസ്.ആർ.ഒ. നം. 967/2022 ആയി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾക്കുള്ള 1(i&ii), 2, 3(i&ii), 4, 5, 6(i&ii), 7 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു. ഭേദഗതികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

6(ii) for the words “ from a” before the word “ State” the words “ from the” shall be substituted.

5, 6(i), 7 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

5) In Note, the brackets for the numbers 2, 3 and 4 shall be omitted.

6(i) In Note (2),-

(i) for the word “ Rajyasabha” the words “ Rajya Sabha” shall be substituted wherever it occurs;

7) In Note (3), for the word “ numbers” the word “ number” shall be substituted.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

## VII. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(1947,23,04,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

(123,80,86,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടച്ചുപൂട്ടിയ പൊതുമേഖല/വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിച്ചതും നഷ്ടത്തിലായവയെ ലാഭത്തിലെത്തിച്ചതും ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യം കുറഞ്ഞ സമയത്തിനുള്ളിൽ മറികടക്കാനായതും 7825 കോടി രൂപയുടെ നിക്ഷേപമുണ്ടാക്കാൻ സാധിച്ചതും 2.78 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും അഭിനന്ദനീയമാണ്. കാർഷിക-വ്യാവസായിക-ഉല്പാദന മേഖലകളിൽ പുരോഗതി കൈവരിച്ചതും കേരളത്തിന്റെ ജി.എസ്.ഡി.പി. നിരക്കിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടമാണ്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. മുഖേന നൽകുന്ന വായ്പയുടെ പരിധി ഉയർത്തിയതും വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചതും ഏപ്രിൽ മുതൽ വനിതാ ഇൻക്യുബേഷൻ സെന്ററുകളുടെ വാടക പകുതിയായി കുറയ്ക്കാനുള്ള

തീരുമാനവും അഭിനന്ദനാർഹമാണ്. ഏഷ്യയിലെ ഏറ്റവും വലിയ ബ്ലഡ് ബാഗ്-കൃത്രിമ പല്ല് നിർമ്മാണ കമ്പനികളും രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് ഹാർഡ് വെയർ ഇൻക്യുബേറ്ററും കേരളത്തിലാണെന്നതും ലോകത്തിലെ ബിസിനസ് ഇൻക്യുബേറ്റർ പട്ടികയിൽ ആദ്യ 5 റാങ്കുകൾക്കുള്ളിൽ ഇടംനേടാൻ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്നതും അഭിമാനകരമാണ്. പരിസ്ഥിതി സൗഹൃദ വ്യവസായ നയം സ്വീകരിച്ചിട്ടുള്ള സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ 21 വകുപ്പുകളുടെ അനുമതി ഓൺലൈനായി ലഭ്യമാക്കും. വൈദ്യുതി ഉല്പാദന-പ്രസരണ മേഖലകളിൽ മികച്ച പുരോഗതി കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(സ്പീക്കറുടെ ഡയസിന് മുന്നിൽ പ്ലക്കാർഡുകളും ബാനറും പിടിച്ച് പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ വന്നിരുന്ന് പ്രതിഷേധം തുടർന്നു.)

<u>ശ്രീ. വി. ശശി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ട സംരംഭക വർഷം പൂർത്തിയാകുന്നതിനുമുമ്പുതന്നെ 1.30 ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും 7900 കോടിയോളം രൂപയുടെ നിക്ഷേപം സമാഹരിക്കാനും 2.75

ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞുവെന്നത് പ്രശംസാർഹമാണ്. കുറഞ്ഞ പലിശനിരക്കിൽ ഈടില്ലാതെ വായ്പ നൽകുകയും സംരംഭകരെ സഹായിക്കാൻ ജില്ലകൾതോറും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിക്കുകയും ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്ത നടപടി മാതൃകാപരമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച മേക്ക്-ഇൻ-കേരള പോലുള്ള പദ്ധതികൾ വ്യവസായ മേഖലയ്ക്ക് കരുത്തുപകരുന്നതും ആഭ്യന്തര ഉല്പാദനം, തൊഴിൽ, സംരംഭം, നിക്ഷേപം എന്നിവ പ്രോത്സാഹിപ്പിക്കുന്നതുമാണ്. വ്യാവസായിക മേഖലയുടെ വളർച്ചയ്ക്ക് കരുത്ത് പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. സംസ്ഥാനത്തെ ആഭ്യന്തരോൽപ്പാദനവും പുതിയ സംരംഭ-നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ നവസംരംഭകർക്ക് ആശ്വാസം പകരുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളിൽനിന്നും തെരഞ്ഞെടുത്ത 1000 സംരംഭങ്ങൾക്ക് നാലുവർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപ വിറ്റുവരവ് കൈവരിക്കുന്നതിനുള്ള സ്കെയിൽ അപ് പാക്കേജ് പ്രഖ്യാപിച്ചതും സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നവകേരളം വ്യവസായ വികസനപദ്ധതികളുമായി മുന്നോട്ടുപോകുന്നതും സ്വാഗതാർഹമാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കയറ്റിയയയ്ക്കുന്നതിനും കഴിയുന്ന പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് ഉൽപ്പാദനരംഗത്ത് വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതും 135513 എം.എസ്.എം.ഇ.-കളിലൂടെ മൂന്നുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും എടുത്തുപറയേണ്ടതാണ്. വ്യവസായരംഗത്ത് സ്ത്രീകൾ കടന്നുവരുന്നത് സ്വാഗതാർഹമാണ്. ഇന്ത്യയിൽ ജനങ്ങൾക്ക് ഇന്റർനെറ്റ് കൊടുക്കാൻ അവകാശമുള്ള ഏക സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. വടക്കാഞ്ചേരി മണ്ഡലത്തിലെ 100 ബി.പി.എൽ. കുടുംബങ്ങൾക്ക് ഒപ്റ്റിക്കൽ കേബിൾ വഴി സൗജന്യ കെ-ഫോൺ കൊടുത്ത നടപടിയെ അഭിനന്ദിക്കുന്നു. ഫയർ സംരക്ഷണ വാട്ടർ ലൈൻ പദ്ധതിയുടെ പ്രവർത്തനം ഈ വർഷംതന്നെ ഏറ്റെടുക്കാനും ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ച് വൈരക്കൽ വ്യവസായം പുനരുദ്ധരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വിരുപ്പാക്ക സ്പിന്നിംഗ്മിൽ പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തര നടപടി ആരംഭിക്കണം. വടക്കാഞ്ചേരി മുണ്ടൂരിലെ 33 കെ.വി. സബ്സ്റ്റേഷനെ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്താനും തൃശ്ശൂർ മെഡിക്കൽ കോളേജിൽ 33 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിനും

നടപടി സ്വീകരിക്കണം. വടക്കാഞ്ചേരി ടൗണിൽ റിമ്മിംഗ് യൂണിറ്റും 111 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിളും സ്ഥാപിക്കാനും ചൂലിശ്ശേരിയിലെ പോൾകാസ്റ്റിംഗ് യൂണിറ്റിന്റെ നിർമ്മാണം വേഗത്തിലാക്കാനും മുൻകയ്യെടുക്കണം.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായരംഗത്തും വൈദ്യുതിമേഖലയിലും കാര്യക്ഷമമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വൈദ്യുതി വിതരണം തടസ്സമില്ലാതെ നടത്താനായതും ഉൽപ്പാദനമേഖലയിൽ 18.16 ശതമാനം വളർച്ച കൈവരിക്കാനായതും വൈദ്യുതി വകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. വ്യാവസായിക മേഖലയിൽ 17.3 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കാനായതും ഒരു ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാനായതും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കാനായതും സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതും

സംരംഭകവർഷം ഉൾപ്പെടെയുള്ള പദ്ധതികളാവിഷ്കരിച്ചതും നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനായതും അഭിനന്ദനാർഹമാണ്. ഗതാഗത മേഖലയിൽ ഹൈഡ്രജന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കണം. വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഇൻഡസ്ട്രിയൽ പോർട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. മുളവുകാട് പഞ്ചായത്തിന്റെ വ്യാവസായിക വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. എ. പ്രഭാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യാവസായിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനായതും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനായതും ഒരു വർഷത്തിനുള്ളിൽ ഒരുലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാനായതും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനലാഭവും കാർഷിക-വ്യാവസായിക-ഉല്പാദനരംഗങ്ങളിലെ വളർച്ചാനിരക്ക് വർദ്ധിപ്പിക്കാനായതും വ്യവസായ വകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിനും BEML (Bharat Earth Movers Limited) -ന് സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയ ഭൂമി തിരിച്ചെടുക്കുന്നതിനും സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള

കേന്ദ്രനീക്കത്തെ ചെറുക്കുന്നതിനും നടപടി സ്വീകരിക്കണം. തടസ്സമില്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കാനായതും ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിക്കാനായതും സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കാനായതും വൈദ്യുതി വകുപ്പിന്റെ നേട്ടങ്ങളാണ്. സുസ്ഥിരവും സുരക്ഷിതവുമായ വൈദ്യുതി വിതരണത്തിന് ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ സ്ഥാപിച്ചതും ട്രാൻസ്ഗ്രിഡ്, ദ്യുതി ഉൾപ്പെടെയുള്ള പദ്ധതികളാവിഷ്കരിച്ചതും ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചതും ശ്രദ്ധേയമാണ്. പീക്ക് ടൈമിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധികനിരക്ക് ഈടാക്കില്ലെന്ന ജനോപകാരപ്രദമായ തീരുമാനം അഭിനന്ദനാർഹമാണ്.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗെയിൽ പൈപ്പ്ലൈൻ, നാഷണൽ ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കൽ, കെ-റെയിൽ തുടങ്ങിയ പദ്ധതികൾക്കും പ്രളയകാലഘട്ടത്തിൽ ദുരിതാശ്വാസനിധിയിൽനിന്നും തുക നൽകുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കുമെതിരെ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചുകൊണ്ട് കേരളത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിന്

പ്രളയകാലത്ത് നൽകിയ റേഷൻ വിഹിതത്തിന് തുക ഈടാക്കുകയും കേന്ദ്രവിഹിതം, ജി.എസ്.ടി. നഷ്ടപരിഹാരം തുടങ്ങിയവ വെട്ടിക്കുറയ്ക്കുകയും ചെയ്ത കേന്ദ്രസർക്കാർ നടപടിക്കെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. സംസ്ഥാനത്ത് സ്കൂളുകൾ ഹൈടെക്കാക്കിയും ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികൾ സ്ഥാപിച്ചും സാമൂഹ്യസുരക്ഷാ പെൻഷനുകൾ നൽകിയും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയും കേരളത്തെ വ്യവസായ സൗഹൃദമാക്കിയും ലോഡ് ഷെഡിംഗും പവർകട്ടും ഒഴിവാക്കിയും മുന്നോട്ടുപോകുന്ന സർക്കാരിന്റെ നേട്ടങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന പ്രതിപക്ഷനിലപാട് അപമാനകരമാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വാഗ്ദാനങ്ങൾ പാലിക്കുന്ന സർക്കാരാണിത്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനുമുള്ള ശ്രമങ്ങൾ ശ്രദ്ധേയമാണ്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കാനും 8000 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചുവെന്നത് അഭിമാനാർഹമാണ്. കയർ, കൈത്തറി, ഖാദി, കശുവണ്ടി മേഖലകളിൽ ശക്തമായ ഇടപെടലുകൾ നടത്തിയതിലൂടെ വരുമാന വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സംരംഭങ്ങൾ

ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതിലൂടെ വ്യവസായ സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതി ദുരുപയോഗം തടയുന്നതിനും കൃഷിക്കും ദൈനംദിന ആവശ്യങ്ങൾക്കുമായി ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാൻ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ കർഷകർക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കണക്കിലെടുത്ത് ഗ്രാമങ്ങളിലും നഗരങ്ങളിലും വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കുന്നതിനും തയ്യാറാകണം.

(നടുത്തളത്തിലിരുന്ന് പ്രതിഷേധിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നൂതനസംരംഭങ്ങൾ ആരംഭിക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയതും സമഗ്രവുമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാനുള്ള കേന്ദ്രനയത്തിനെതിരെ ബദൽ നയങ്ങൾ സ്വീകരിച്ചുകൊണ്ട് അടച്ചുപൂട്ടിയ

പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചത് ശ്രദ്ധേയമാണ്. വെള്ളൂർ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുത്ത് കേരള പേപ്പർ പ്രൊഡക്ഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് 1000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതും റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് കേരള റബ്ബർ പ്രൊഡക്ഷൻ ലിമിറ്റഡ് സ്ഥാപിക്കുന്നതും സ്വാഗതാർഹമാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നവരുടെ ശില്പശാലകളും ഹെൽപ്പ് ഡെസ്കുകളും സംഘടിപ്പിക്കുകയും നിക്ഷേപസൗഹൃദ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്ത് കേരളത്തെ മുന്നോട്ടുനയിക്കുന്ന വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പുതുക്കാട് നിയോജകമണ്ഡലത്തിലെ അളഗപ്പനഗർ ടെക്സ്റ്റൈൽസ് തുറന്നുപ്രവർത്തിപ്പിക്കാനും ഖാദി ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. വൈദ്യുതി വകുപ്പിന്റെ 'നിലാവ് ' ഉൾപ്പെടെയുള്ള നിരവധി പദ്ധതികളുടെ ഫലമായി ഇന്ന് കേരളം പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഇല്ലാത്ത സംസ്ഥാനമായി

മാറിയിരിക്കുകയാണ്. എല്ലാ മണ്ഡലങ്ങളിലും ഇലക്ട്രിക് വാഹനങ്ങൾക്ക് ബാറ്ററി ചാർജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളൊരുക്കിയതും സ്വാഗതാർഹമാണ്. പുതുക്കാട് മണ്ഡലത്തിലെ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകളുടെ ഉദ്ഘാടനം നടത്താനും പാവപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്നിടത്ത് വൈദ്യുതി എത്തിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വാഴൂർ സോമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളോടും കൃഷിക്കാരോടും അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ച സംസ്ഥാന ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്കുമേൽ പാചകവാതക വില വർദ്ധിപ്പിച്ചുകൊണ്ട് തീരാദുരിതമടിച്ചേൽപ്പിക്കുന്ന കേന്ദ്ര സർക്കാരിനെതിരെ പ്രതിഷേധിക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. വ്യാജവാർത്തകൾ സൃഷ്ടിച്ച് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തി ജനകീയ സർക്കാരിനെ അട്ടിമറിക്കാനാണ് ചില മാധ്യമങ്ങൾ ശ്രമിക്കുന്നത്. സംസ്ഥാനത്ത് വനിതാ സംരംഭകരുടെ എണ്ണം ദേശീയ ശരാശരിക്ക് മുകളിലാണ്. ടെക്നോളജി ട്രാൻസ്ഫർ സ്കീം, സോഫ്റ്റ് ലോൺ സ്കീം എന്നീ സാമ്പത്തിക പദ്ധതികളിലൂടെയും പദ്ധതി ചെലവിന്റെ നാൽപ്പത് ശതമാനംവരെ സബ്സിഡി നൽകിയും വനിതകൾക്ക് പുതിയ സംരംഭങ്ങൾ

തുടങ്ങുന്നതിനുള്ള സാഹചര്യമൊരുക്കുകയും വനിതാ വികസന കോർപ്പറേഷൻ മുഖേന സ്ത്രീ സംരംഭകർക്ക് നൽകിയിരുന്ന വായ്പാ തുക വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്ത സർക്കാർ നടപടി അഭിനന്ദനാർഹമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ 639 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ ആവശ്യമായ ധനസഹായം നൽകാനും ഇടുക്കി ജില്ലയിലെ നിർമ്മാണ മേഖലയിൽ പാറ/മണൽ ഖനനം നടത്താനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷം ഇല്ലെന്ന പ്രതിപക്ഷ നിലപാട് വസ്തുതാവിരുദ്ധമാണ്. കേരളം സംരംഭകരുടെ സംസ്ഥാനമാണെന്നാണ് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. ലോകത്തെ മികച്ച അഞ്ച് സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തിൽ ഒന്നാം സ്ഥാനത്തും Ease of doing business-ൽ 15-ാം സ്ഥാനത്തുമാണ് കേരളം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഈ വർഷത്തെ പ്രവർത്തന ലാഭം 386.05 കോടി രൂപയായി ഉയർത്താനും കേന്ദ്ര സർക്കാർ വിറ്റൊഴിഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനും ഗവൺമെന്റിന്

സാധിച്ചിട്ടുണ്ട്. സുസ്ഥിര വികസനവും വിഭവങ്ങളുടെ സന്തുലിതമായ വിനിയോഗവും ഉറപ്പുവരുത്തുന്ന പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. മാനുഷിക വിഭവശേഷിയിൽ ഊന്നിയും സംസ്ഥാനം ആർജ്ജിച്ച ഉയർന്ന ജീവിത നിലവാരം നിലനിർത്തിയും വ്യാവസായിക വികസനം യാഥാർത്ഥ്യമാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ സ്വാഗതാർഹമാണ്. കൈത്തറി, ഖാദി, കശുവണ്ടി വ്യവസായ മേഖലകളെ കാലഘട്ടത്തിനനുസൃതമായി ആധുനികവത്കരിക്കുന്നതിനും കുറ്റ്യാടി കോക്കനട്ട് പാർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്ലസ്ടു മുതലുള്ള പാഠ്യപദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണം. സംസ്ഥാനത്തിന് അനുയോജ്യമായ നൂറ് വ്യവസായങ്ങൾ തെരഞ്ഞെടുത്ത് പ്രോജക്ട് തയ്യാറാക്കി സംരംഭകരെ ആകർഷിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനത്തിന്റെ ഭാവി വികസനത്തിന് വ്യവസായ മേഖലയുടെ സമഗ്രമായ പുരോഗതിയും കുതിച്ചുചാട്ടവും അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല. വിവിധ വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സമർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തന ഫലമായാണ് ബ്രഹ്മപുരം

മാലിന്യക്കൂമ്പാരത്തിലെ തീയണയ്ക്കാൻ സാധിച്ചത്. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഇന്നത്തെ ദുരവസ്ഥയുടെ പ്രധാന കാരണം യു.ഡി.എഫ്.-ന്റെ നയസമീപനങ്ങളാണ്. കക്ഷി-രാഷ്ട്രീയത്തിനതീതമായി വ്യവസായ സംരംഭങ്ങളോട് അനുകൂല നിലപാടാണ് ജനപ്രതിനിധികൾ സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനം 12 ശതമാനത്തിൽ നിൽക്കുമ്പോൾ വ്യവസായ മേഖലയിൽ 17.3 ശതമാനം വളർച്ചയുണ്ടാക്കാനും ചരിത്രത്തിലാദ്യമായി മാനുഫാക്ചറിംഗ് സെക്ടറിൽ 18.9 ശതമാനം വളർച്ച കൈവരിക്കാനും സാധിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സ്വകാര്യവൽക്കരണനയത്തിന്റെ ഭാഗമായി പൂട്ടിപ്പോയ ഫാക്ടറികളും കമ്പനികളും ഏറ്റെടുത്ത് അവയെ ലാഭകരമാക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കോട്ടൺ ബാങ്ക് രൂപീകരിക്കാനും ടി.സി.സി.-യുടെ ഹൈഡ്രജന്റെ ക്വാളിറ്റി വർദ്ധിപ്പിക്കാനും ഇടുക്കിയിലെ ഭൂപ്രശ്നത്തിന് പരിഹാരം കാണുന്നതിനും കുറ്റ്യാടിയിൽ നാളികേരത്തോടൊപ്പം മറ്റ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രികൾ ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലത്ത് മീറ്റർ കമ്പനി നിർമ്മിച്ച മാതൃകയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ

ഉപയോഗയോഗ്യമല്ലാത്ത സ്ഥലം വിനിയോഗിക്കാനും നിലവിലുള്ള വ്യവസായ പാർക്കുകൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്നിവ ആധുനികവൽക്കരിക്കാനും ശ്രമിക്കുന്നുണ്ട്. മാവൂരിലും കുന്നത്തറയിലുമുള്ള കോടതിവ്യവഹാരമടക്കമുള്ള നിയമപരമായ പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടുകയും കെൽട്രോണിനെ 1000 കോടി ടേണോവറുള്ള സ്ഥാപനമായി മാറ്റാനുള്ള കർമ്മപദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഭൂപരിഷ്കരണനിയമത്തിൽ ഇളവ് വരുത്താതെ വ്യവസ്ഥകൾ ലളിതവൽക്കരിച്ച് നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഐ.ടി. വകുപ്പ് വിട്ടുനൽകുന്ന മുറയ്ക്ക് പയ്യന്നൂരും കയ്യൂരുമുള്ള ഭൂമി വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതാണ്. കൈത്തറി-കശുവണ്ടി-കയർ മേഖലകളിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിദഗ്ദ്ധ സമിതിയും ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിലെ പ്രതിസന്ധി നേരിടുന്നതിനായി വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. വ്യവസായാവശ്യങ്ങൾക്കായി പട്ടയം കൈമാറ്റം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 'മീറ്റ് ദ ഇൻവെസ്റ്റർ പദ്ധതി'യിലൂടെ കൂടുതൽ നിക്ഷേപകരെയും 'സംരംഭക വർഷം' പദ്ധതിയിലൂടെ സ്ത്രീ സംരംഭകരുൾപ്പെടെ പുതിയ സംരംഭകരെയും ആകർഷിക്കാൻ

സാധിച്ചിട്ടുണ്ട്. സഹകരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ കേരള മെയ്ഡ് ഉല്പന്നങ്ങളുടെ വിപണി ആരംഭിക്കാനും ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ചേർന്ന് റേഷൻ കടകളിലൂടെ പ്രാദേശിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും തീരുമാനിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കുകയും സംരംഭക മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുൾപ്പെടെ എം.എസ്.എം.ഇ. അവാർഡ് ഏർപ്പെടുത്തുകയും ചെയ്യും. ഒരു ലക്ഷം കോടി ടേണോവറുള്ള ആയിരം എം.എസ്.എം.ഇ.-കൾ ആരംഭിക്കുന്നതിനുള്ള സ്കെയിലിംഗ് അപ് പദ്ധതി നടപ്പിലാക്കും. ഫെസിലിറ്റേഷൻ സെന്ററുകൾ മൂന്നെണ്ണമാക്കി വർദ്ധിപ്പിക്കുകയും പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനമാരംഭിച്ച് ഏകജാലക സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. പ്ലാന്റേഷൻ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും കൊമേഴ്സ് മിഷൻ രൂപീകരിക്കുന്നതിനും ജി.ഐ. ഉല്പന്നങ്ങൾക്കായി പ്രത്യേക വിപണന സംവിധാനമൊരുക്കുന്നതുമാണ്. എം.എസ്.എം.ഇ.-കളിലെ ക്ലസ്റ്റർ സംവിധാനം ശക്തിപ്പെടുത്തും. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്ന് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതോടൊപ്പം ഏഴ് മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ

പാർക്കുകൾ സ്ഥാപിക്കാനുള്ള സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. കിൻഫ്ര പാർക്കിലൂടെ 24003 തൊഴിൽ സൃഷ്ടിക്കാനായതും 1862.66 കോടി രൂപയുടെ നിക്ഷേപം നടത്താനായതും ചരിത്ര നേട്ടമാണ്. വ്യവസായ മേഖലയിൽ നിലനിൽക്കുന്ന നിയമങ്ങളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മുണ്ടൂരിലെ 33 കെ.വി. സ്റ്റേഷൻ 110 കെ.വി. സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തി രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. വടക്കാഞ്ചേരി ചാലിശ്ശേരി പോൾ കാസ്റ്റിംഗ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുകയും അഞ്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്യും. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തടസ്സരഹിതവും ഗുണമേന്മയുള്ളതുമായ വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനായി ദ്യുതി, ആർ.ഡി.എസ്.എസ്. പദ്ധതികളിലുൾപ്പെടുത്തി കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കും. കൊച്ചിയിലും വിഴിഞ്ഞത്തും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഹൈഡ്രജൻ ഹബ് വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിനാവശ്യമായ 70 ശതമാനം വൈദ്യുതിയും പുറമേനിന്നും വാങ്ങുന്ന സാഹചര്യത്തിൽ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്തിന് ഗുണകരമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അത്തരം പദ്ധതികൾ തയ്യാറാക്കാൻ കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി 133.53 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കാറ്റിൽനിന്നും 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തലസ്ഥാന നഗരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുക്കുകയും നഗരസഭയിലെ മുഴുവൻ പൊതുകെട്ടിടങ്ങളേയും സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുകയും ചെയ്യുന്നതിനായി സ്മാർട്ട് സിറ്റി പദ്ധതിവഴി 110 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി ആഭ്യന്തരമായി കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി പ്രസരണമേഖലയിൽ 1502 കോടി

രൂപയുടെ പ്രവർത്തനങ്ങളും 14 സബ്സ്റ്റേഷനുകളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ തെക്കേ അറ്റത്തുനിന്നും വടക്കേ അറ്റംവരെ നീളുന്ന 400 കെ.വി. പവർ ഹൈവേ പൂർത്തിയാകുന്നതോടെ എല്ലായിടത്തും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിന് സാധിക്കും. 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രവർത്തനലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. വിതരണമേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനും ശാക്തീകരണ, ആധുനികവൽക്കരണ പ്രവൃത്തികൾക്കുമായി കേന്ദ്ര സർക്കാർ 60 ശതമാനം വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. വൈദ്യുതിയെത്താത്ത എല്ലാ ആദിവാസി കോളനികളും ഒരു വർഷത്തിനകം വൈദ്യുതീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് സൗജന്യമായി ലൈൻ വലിച്ചുനൽകേണ്ട കണക്ഷനുകളുടെ പരിധി 200 മീറ്ററിൽനിന്നും 250 മീറ്ററായി ഉയർത്തിയിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ. 932 അങ്കണവാടികൾക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിലൂടെ 700 വീടുകളിൽ 4 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നിർമ്മിച്ച 300 വീടുകളിൽ 3 കിലോവാട്ട്

വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതോടൊപ്പം ഒരു ഇൻഡക്ഷൻ സ്റ്റൗ കൂടി സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് കിച്ചൺ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ഫണ്ടുപയോഗിച്ച് വൈദ്യുതി വാഹനങ്ങൾക്കായി എല്ലാ ജില്ലകളിലും ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും എല്ലാ നിയോജകമണ്ഡലങ്ങളിലും ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കായി പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയാക്കിവരികയും ചെയ്യുന്നു. സ്വകാര്യ സംരംഭക ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യത്തെ 100 സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകുന്നതാണ്. പി.എം. കുസും പദ്ധതിയിലുൾപ്പെടുത്തി നബാർഡ് ധനസഹായത്തോടെ കാർഷികാവശ്യങ്ങൾക്കുള്ള ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിനുള്ള ബൃഹത് പദ്ധതി ഒരു വർഷത്തിനുള്ളിൽ അനെർട്ട് വഴി നടപ്പിലാക്കും. മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ചെറുകിട സംരംഭകർക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലും ആർ.സി.സി.-യിലും വാക്സിനും മരുന്നും സൂക്ഷിക്കുന്നതിനും തിരുവനന്തപുരം വേൾഡ് മാർക്കറ്റിൽ പച്ചക്കറി സംഭരിക്കുന്നതിനും

സൗരോർജ്ജ ശീതീകരണി സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അങ്കണവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത കൊണ്ടുവരുന്നതിനും ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്നതിനും അങ്കണ ജ്യോതി പദ്ധതി നടപ്പിലാക്കും. വൈദ്യുതി വിതരണത്തിലെ കാര്യക്ഷമതയും പരിസ്ഥിതി സൗഹൃദ നടപടികളും കണക്കിലെടുത്ത് ഊർജ്ജ വകുപ്പിന് ഈ സർക്കാരിന്റെ കാലയളവിൽ നിരവധി ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.27-ന് പിരിഞ്ഞു

* * * * * *